**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

**പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 09 ശനി**

---

# കോളനികളുടെ നവീകരണത്തിന് 10 കോടിയുടെ ഭരണാനുമതി: സജി ചെറിയാൻ എം. എൽ. എ

ചെങ്ങന്നൂർ : നിയോജക മണ്ഡലത്തിലെ വിവിധ കോളനികളുടെ നവീകരണത്തിന് 10 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി സജി ചെറിയാൻ എം. എൽ. എ അറിയിച്ചു. ഓരോ കോളനിക്കും ഒരു കോടി രൂപ വീതം ലഭിക്കും .പുലിയൂർ ചാത്തമേൽകുറ്റി കോളനി, പാണ്ടനാട് പൂപ്പരത്തികോളനി, വെൺമണി കിഴക്കേതുരുത്തി കോളനി, തിരുവൻവണ്ടൂർ മാവേലിത്തറ കോളനി,
ചെന്നിത്തല ചിത്തിരപുരം കാരിക്കുഴി കോളനി, ബുധനൂർ പ്ലാക്കത്തറ കോളനി ,പുലിയൂർ പേരിശ്ശേരി കോളനി, പാണ്ടനാട് കൊല്ലത്തറ കോളനി, പാണ്ടനാട് പ്രമട്ടക്കര കോളനി, തിരുവൻവണ്ടൂർ ചെല്ലുപുഞ്ചയിൽ കോളനി എന്നീ കോളനികൾക്കാണ് തുക അനുവദിച്ചത്.

# കാവാലം ഗ്രാമപഞ്ചായത്തിന് ഉയരത്തിലുള്ള പശു തൊഴുത്ത് അനുവദിച്ചു - മന്ത്രി കെ. രാജു

കാവാലം : കാവാലം ഗ്രാമപഞ്ചായത്തിന് എലിവേറ്റഡ് പശു തൊഴുത്ത് ( ഉയരത്തിലുള്ള പശു തൊഴുത്ത് ) അനുവദിച്ചുവെന്ന് ക്ഷീരവികസനമന്ത്രി കെ രാജു പറഞ്ഞു. കാവാലം ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പ് ഒരുക്കിയ ആധുനിക സൗകര്യങ്ങളോടുകൂടിയ മൃഗാശുപത്രി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ക്ഷീര വികസനവകുപ്പിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്. പ്രളയാനന്തരവും ക്ഷീരകർഷകർക്ക് പരമാവധി സഹായങ്ങൾ നൽകി. സബ് കളക്ടർ വി. ആർ. കൃഷ്ണതേജയുടെ നേതൃത്വത്തിൽ 'ഡൊണേറ്റ് എ കാറ്റിൽ' പദ്ധതി പ്രകാരവും ക്ഷീരകർഷകർക്ക് പശുക്കളെ നൽകുന്നുണ്ട്. സംസ്ഥാനത്ത് 25 ബ്ലോക്കുകളിൽ മൃഗഡോക്ടറുടെ രാത്രികാല സേവനം ലഭ്യമാക്കാൻ അനുമതിയായിട്ടുണ്ട്. ചമ്പക്കുളം വെളിയനാട് ബ്ലോക്കുകളിലെ ഏറ്റവും കൂടുതൽ കാലികളുള്ള ബ്ലോക്കിൽ മൃഗാശുപത്രിയിൽ രാത്രികാല ഡോക്ടറുടെ സേവനവും അനുവദിച്ചതായി അദ്ദേഹം പറഞ്ഞു.

കാവാലം ഗ്രാമപഞ്ചായത്തിലെ മൃഗസംരക്ഷണ ക്ഷീര വികസന പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് വക സ്ഥലത്താണ് ആധുനിക സൗകര്യങ്ങളോടുകൂടിയ മൃഗാശുപത്രി സജ്ജമാക്കിയിരിക്കുന്നത്. ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഗോവർധിനി പദ്ധതിയുടെ ഉദ്ഘാടനവും

പ്രളയദുരിതാശ്വാസ ധനസഹായ വിതരണവും മന്ത്രി നിർവഹിച്ചു. 30 ഗുണഭോക്താക്കൾക്ക് ഗോവർദ്ധനി പദ്ധതിയുടെ സേവനം ലഭ്യമാകും. മൂന്ന് മൃഗസ്നേഹികളെയും ചടങ്ങിൽ ആദരിച്ചു. തുടർന്ന് 'അവരും ഈ ഭൂമിയുടെ അവകാശികൾ ആകാം അല്പം കരുണ' എന്ന വിഷയത്തിൽ ചെങ്ങന്നൂർ സീനിയർ വെറ്റിനറി സർജൻ ദീപു ഫിലിപ്പ് മാത്യു സെമിനാർ നയിച്ചു. മുട്ടാർ മൃഗാശുപത്രി വെറ്റിനറി സർജൻ സുമി ചെറിയാൻ വിദ്യാർഥികൾക്കായി പ്രശ്നോത്തരിയും നടത്തി.

വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലൈല രാജു അധ്യക്ഷത വഹിച്ച യോഗത്തിൽ കാവാലം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് സന്ധ്യ രമേശ്, വെറ്റിനറി സർജൻ വി. എം. ഷീജ, അസിസ്റ്റൻറ് പ്രോജക്ട് ഓഫീസർ പി.ഡി. കോശി, കാവാലം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഒ. ജി. ഷാജി, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ദീപമോൾ ശശിധരൻ എന്നിവർ പങ്കെടുത്തു.

തണ്ണീർമുക്കത്ത് ഇനി പ്ലാസ്റ്റിക്ക് നിർമാർജനത്തോടൊപ്പം
ചില്ലുകുപ്പി മാലിന്യവും ശേഖരിക്കും

തണ്ണീർമുക്കം: തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക്ക് നിർമാർജനത്തോടൊപ്പം ചില്ലുകുപ്പി മാലിന്യവും ശേഖരിക്കും. ബിയർ കുപ്പികളും പൊട്ടിയ ചില്ലുഗ്ലാസ്സ് ചില്ലുകൾ, കണ്ണാടികൾ തുടങ്ങിയവയാകും ശേഖരിച്ച് നീക്കം ചെയ്യുന്നത്. മാലിന്യം വേർതിരിച്ച് സംസ്ക്കരിക്കാൻ ഇതിനകം ഓരോ വാർഡിലും രണ്ടു പേർ വീതം പരിശിലനം നേടിയിട്ടുണ്ട്. ഇതിനുപുറമേ പദ്ധതി പ്രവർത്തനത്തിന് 23 നോഡൽ ഓഫിസർമാരും ഉണ്ടാകും.

അജൈവമാലിന്യങ്ങളെ ഘട്ടംഘട്ടമായി ശേഖരിച്ച് നീക്കം ചെയ്യുന്നതിന് ശുചിത്വമിഷൻ, ഹരിത കേരളം മിഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ ക്ലിൻ കേരള കമ്പനിയുടെയും മറ്റ് ഏജൻസികളുടെ സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്കാണ് പഞ്ചായത്ത് രൂപം നൽകിയിട്ടുള്ളത്. പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണം ഉൾപ്പടെ ചില്ല് മാലിന്യശേഖരണ യജ്ഞത്തിന്റെ ജില്ലാതല ഉദ്ഘാടനം 11 ന് രാവിലെ 10ന് പണ്ഡിറ്റ് കറുപ്പൻ സ്മാരക ഹാളിൽ ഭക്ഷ്യമന്ത്രി പി.തിലോത്തമൻ ഉദ്ഘാടനം ചെയ്യും. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പി.എസ്.ജ്യോതിസ്സ് അദ്ധ്യക്ഷത വഹിക്കും.

## സ്ത്രീ ശാക്തീകരണത്തിന് പ്രാധാന്യം നൽകും: മന്ത്രി ജി.സുധാകരൻ

മാവേലിക്കര: സ്ത്രീ ശാക്തീകരണം പിണറായി സർക്കാരിന്റെ ലക്ഷ്യമാണെന്ന് സംസ്ഥാന പൊതുമരാമത്തുമന്ത്രി ജി.സുധാകരൻ. ആശുപത്രിയിൽ എത്തുന്ന വനിതകൾക്കും, വനിത ജീവനക്കാർക്കും , വിശ്രമിക്കാനും ആധുനിക സംവിധാനമുള്ള സ്ത്രീ സൗഹൃദ വിശ്രമ കേന്ദ്രങ്ങൾ ഉപയോഗപ്രദമാകും. സംസ്ഥാന സർക്കാരിന്റെ 2018-19 വർഷത്തെ ജൻഡർ ബജറ്റിൽ ഉൾപ്പെടുത്തിയാണ് സ്ത്രീ സൗഹൃദ വിശ്രമമുറിയും, ശുചിമുറികളും പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്നത്. മാവേലിക്കര ജില്ല ആശുപത്രിയിലെ സ്ത്രീ സൗഹൃദ വിശ്രമ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി .

ആർ.രാജേഷ് എം എൽ .എ അധ്യക്ഷത വഹിച്ചു. മാവേലിക്കര മണ്ഡലത്തിൽ ഇതിനു പുറമേ മാവേലിക്കര സിവിൽ സ്റ്റേഷൻ, ഐ.എച്ച്ആർ.ഡി കോളജ്, ചുനക്കര കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചുനക്കര പഞ്ചായത്ത്, നൂറനാട് ലെപ്രസി

സെന്റർ തുടങ്ങി എട്ടിടങ്ങളിലും സ്ത്രീ സൗഹൃദ വിശ്രമകേന്ദ്രം ആരംഭിക്കുമെന്നും എം .എൽ .എ പറഞ്ഞു. മാവേലിക്കര നഗരസഭ അധ്യക്ഷ ലീല അഭിലാഷ് ,മാവേലിക്കര ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.രഘു പ്രസാദ്, ജില്ല പഞ്ചായത്ത് പൊതുമരാമത്തു സ്ഥിരം സമതി അധ്യക്ഷ കെ.സുമ, ജില്ല പഞ്ചായത്തംഗം ബി.വിശ്വൻ, നഗരസഭാംഗം സജിനി ജോൺ, പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനിയർ പി. വി . ജയിനമ്മ, ആശുപത്രി സൂപ്രണ്ട് ഇൻ-ചാർജ് ഡോ.കോശി ഇടിക്കുള എന്നിവർ പ്രസംഗിച്ചു.

## പഴയ നടക്കാവ് റോഡ് നിർമ്മാണോദ്ഘാടനം മന്ത്രി ജി .സുധാകരൻ നിർവഹിച്ചു

പറവൂർ :ദേശിയ പാത 66ന് സമാന്തരമായി കടന്നു പോകുന്ന പഴയ നടക്കാവ് റോഡിന്റെ നിർമ്മാണോദ്ഘാടനം പൊതുമരാമത്തുമന്ത്രി ജി സുധാകരൻ നിർവഹിച്ചു. വികസനത്തിൽ ലോക നിലവാരത്തിലുള്ള ഗ്രാമമായി പുന്നപ്ര പഞ്ചായത്ത് മാറിയെന്ന് മന്ത്രി പറഞ്ഞു. കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപ മുതൽമുടക്കിലാണ് റോഡ് വീതി കൂട്ടി പുനർനിർമിക്കുന്നത്. അമ്പലപ്പുഴ ക്ഷേത്രത്തിനു വടക്കേ നടയിൽ നിന്നാരംഭിച്ച് അമ്പലപ്പുഴ തെക്ക് വടക്ക്, പുന്നപ്ര തെക്ക് വടക്ക് തുടങ്ങി നാലു പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന റോഡ് കളർകോട് ക്ഷേത്രത്തിനു സമീപം അവസാനിക്കും.

പറവൂർ സ്കൂളിന് സമീപം നടന്ന ചടങ്ങിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജി. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. പുന്നപ്ര വടക്ക് പഞ്ചായത്ത് പ്രസിഡന്റ് സുവർണ പ്രതാപൻ, വൈസ് പ്രസിഡന്റ് വി.കെ. വിശ്വനാഥൻ, അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുലാൽ, പുന്നപ്ര തെക്ക് പഞ്ചായത്ത് പ്രസിഡന്റ് സുധർമ്മ ഭുവനചന്ദ്രൻ, ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ, ബിബി യു വിദ്യാനന്ദൻ, രാഷ്ട്രീയ പ്രതിനിധികളായ എച് സലാം, എ ഓമനക്കുട്ടൻ, മോഹൻകുമാർ എന്നിവർ സംസാരിച്ചു.